## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2116** **07.12.2015 ന് മറുപടിയ്ക്ക്**

## വനഭൂമിയുടെ പരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ<br>" പി.കെ. ബഷീർ<br>" എൻ. ഷംസുദ്ദീൻ<br>" കെ.എൻ.എ. ഖാദർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയുംഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) രാജ്യത്തെ വനഭൂമിയുടെ പരിപാലനം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ടോ; | (എ) മാർഗരേഖയുടെ കരട് സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട് |
| (ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) സ്വാഭാവിക വനം സ്വകാര്യ മേഖലയ്ക്ക് കൈമാറേണ്ടതില്ല, ശോഷിച്ച പ്ലാന്റേഷനുകളുടെ ഉല്പാദന ക്ഷമത വന വികസന ഏജൻസികളുടെ പങ്കാളിത്തത്തോടെ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക എന്നിവയാണ് നിലപാട്. |
| (സി) പ്രസ്തുത നിലപാടിന് അടിസ്ഥാനമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിക്കുക, വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുക, ഈ പ്രവർത്തനങ്ങൾക്കായി അധിക വിഭവ സമാഹരണം നടത്തുക എന്നിവയാണ് പ്രസ്തുത നിലപാടിനുള്ള കാരണങ്ങൾ. |

Adithya

സെക്ഷൻ ഓഫീസർ